(ബി) 42037/EDNC2/Fin നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ വകുപ്പിനു നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം ഫയൽ ധനകാര്യ വകുപ്പിന് പുനഃസമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഫയൽ പുനഃസമർപ്പിക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ-സി) ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച ഫയൽ, ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിശദാംശങ്ങളുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങൾകൂടി ഉൾപ്പെടുത്തി ആ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

(ഡി) ബാധകമല്ല.

കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിനുള്ള നടപടികൾ

2(4596) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് എന്തെല്ലാം നടപടികളും നിർദ്ദേശങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തിയ എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനായി ഓരോ സാമ്പത്തിക വർഷവും പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും തുക മാറ്റിവയ്ക്കുകയും ഈ തുക ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്. സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രോത്സാഹിപ്പിക്കുന്നതിനും പഠനോപകരണങ്ങൾ വാങ്ങുന്നതിനും അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനും സർവ്വോപരി കോളേജുകളുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കേന്ദ്രഗവൺമെന്റ് സഹായത്തോടെ TEQIP പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിന് എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ നിശ്ചിത തുക വകയിരുത്തുകയും പ്രസ്തുത തുക കോളേജുകളുടെ നിലവാരവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ഉപയോഗപ്പെടുത്തുന്നുമുണ്ട്. സ്വാശ്രയ കോളേജുകളുടെ നിലവാരവും സൗകര്യവും മെച്ചപ്പെടുത്തുന്നതിന് സർക്കാർ സമയാസമയങ്ങളിൽ സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇവ പാലിക്കാത്ത കോളേജുകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ നിലവാരവും സൗകര്യവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി സി.ഐ.യു.പി. (കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം), സി.ക്യു.ഐ.പി. (കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം), സെന്റർ ഓഫ് എക്സലൻസ്, അക്രഡിറ്റേഷൻ ഓഫ് കോളേജ് വിത്ത് നാക് എന്നീ പദ്ധതികൾ ബഡ്ജറ്റ് വിഹിതത്തിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ ഗവൺമെന്റ്, എയ്ഡഡ്, ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ 'റൂസ' പദ്ധതിയിലുൾപ്പെടുത്തി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ അവയുടെകീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് തുടർ അംഗീകാരം നൽകുന്നതിനുവേണ്ടി വർഷംതോറും സർവ്വകലാശാലാതലത്തിൽ പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കുവാൻവേണ്ട കർശന നിർദ്ദേശം കോളേജുകൾക്ക് നൽകുന്നുണ്ട്.

(ബി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ റഫറൽ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാതെ 'സെന്റർ ഓഫ് എക്സലൻസ്' എന്ന കൺസെപ്റ്റിലേക്ക് ഉയരാൻ കഴിയില്ല. സർക്കാർ മെഡിക്കൽ കോളേജുകളിലെത്തുന്ന രോഗികളുടെ ബാഹുല്യം കുറഞ്ഞാൽ മാത്രമേ ഇത് സാദ്ധ്യമാകൂ. എന്നാൽ പ്രസ്തുത കോളേജുകളിലെ പഠന നിലവാരം വളരെ മികച്ചതാണ്. എഞ്ചിനീയറിംഗ് കോളേജുകളിൽ ബോഷ് റെക്സ്റോത്ത് എന്ന ജർമ്മൻ കമ്പനിയുമായി കൂടിച്ചേർന്ന് ആട്ടോമേഷൻ ടെക്നോളജി മേഖലയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ ഒരു കേന്ദ്രമാക്കി മാറ്റാനും സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കാനും മേഖലാ ജില്ലിലകളിൽ മാത്സര്യത്തിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനും കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. ഇതിന്റെ ഭാഗമായി കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക്കിൽ സ്ഥാപിക്കുന്ന മേഖലാ കേന്ദ്രം വഴി പോളിടെക്നിക്കുകളിലെ അദ്ധ്യാപകർക്ക് ആട്ടോമേഷൻ ടെക്നോളജി രംഗത്ത് ട്രെയിനിംഗ് പ്രോഗ്രാം നൽകാനും പദ്ധതിയുണ്ട്. ഈ വർഷം സെന്റർ ഓഫ് എക്സലൻസ് സ്കീമിൽ

ആർട്സ്&സയൻസ് കോളേജുകൾക്കായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി ഉൾപ്പെടെ വിവിധ സർക്കാർ കോളേജുകൾക്കായി നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(സി) സർക്കാർ മെഡിക്കൽ കോളേജുകളൊന്നും സെന്റർ ഓഫ് എക്സലൻസായി ഉയർത്തിയിട്ടില്ല. ആട്ടോമേഷൻ ടെക്നോളജി മേഖലയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ മികവിന്റെ ഒരു കേന്ദ്രമാക്കി മാറ്റാനും സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കാനും മേഖലാ തലങ്ങളിൽ മാതൃകയുടെ കേന്ദ്രങ്ങൾ സ്ഥാപിക്കാനും കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. സെന്റർ ഓഫ് എക്സലൻസ് സ്കീം നടപ്പിലാക്കിയിട്ടുള്ള ആർട്സ് &സയൻസ് കോളേജുകളുടെ വിവരം ചുവടെ ചേർക്കുന്നു :

2012-13	1. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
	2. മഹാരാജാസ് കോളേജ്, എറണാകുളം
	3. ഗവ.ബ്രണ്ണൻ കോളേജ്, തലശ്ശേരി
2013-14	1. ഗവ. കോളേജ്, കാസർഗോഡ്
	2. ശ്രീനീലകണ്ഠ സംസ്കൃത കോളേജ്,പട്ടാമ്പി
	3. ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്
2014-15	1. ഗവ. കോളേജ്, മടപ്പള്ളി
	2. ഗവ. കോളേജ് ഫോർ വിമൻ, തിരുവനന്തപുരം
	3. ഗവ. ആർട്സ്&സയൻസ് കോളേജ്, കോഴിക്കോട്
	4. കെ.എം.എം. വിമൻസ് കോളേജ്, കണ്ണൂർ

ഒരു സീറ്റിൽ രണ്ടുപേരുടെ ഫീസ് ഈടാക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി

3(4597) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും മെരിറ്റ് ലിസ്റ്റിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ച എന്നാൽ പിന്നീട് ഹയർ ഓപ്ഷൻ ലഭിച്ച് ഉപരി പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് സ്വാശ്രയ കോളേജുകൾ ഈടാക്കിയ ഫീസ് തിരികെ നൽകുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഈടാക്കിയ ഫീസ് തിരികെ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly